# പന്തപ്ലാക്കൽ കുടുംബസംഗമം

## പ്രാംരംഭപ്രവർത്തന റിപ്പോർട്ട്

അഭിവന്ദ്യരായ മാതാപിതാക്കളെ, സ്നേഹമുള്ള സഹോദരി സഹോദരങ്ങളെ,

നൂറ്റാണ്ടുകളുടെ ചരിത്രവും പാരമ്പര്യവും സംസ്കാരവും അവകാശപ്പെടാവുന്ന പന്തപ്ലാക്കൽ കുടുംബത്തിന്റെ പ്രഥമ സംഗമം നടക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്.

കേരള സുറിയാനി സഭയിൽ മിക്ക കുടുംബങ്ങളിലും കുടുംബകൂട്ടായ്മയും ഒത്തു ചേരലുകളും ഇന്ന് പതിവായി നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പന്തപ്ലാക്കൽ കുടുംബത്തിന്റെ സംഗമം ഒരുപാട് കുടുംബ സ്നേഹികളുടെ ചിരകാല സ്വപ്നവും ആഗ്രഹവുമാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിനു മുൻപുതന്നെ മൺമറഞ്ഞു പോയ നമ്മുടെ സ്നേഹനിധികളായ മാതാപിതാക്കളുടെ പാവനസ്മരണകൊണ്ട് ഞാൻ ഈ റിപ്പോർട്ട് മാന്യ സദസ്സിനു മുൻപിൽ സമർപ്പിക്കട്ടെ.

2002 ജനുവരി മാസം 10-ാം തീയതി കൂരാചുണ്ടിൽ നിര്യാതനായ നമ്മുടെ പ്രിയങ്കരനായ കുടുംബാംഗം പന്തപ്ലാക്കൽ ചെറിയാൻ എന്ന കുഞ്ഞേട്ടന്റെ 41-ാം ചരമദിനം ലളിതമായി ആചരിച്ച ദിനത്തിൽ, അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചാണ് ഈ മഹത്തായ സംരംഭത്തിന് നാന്ദികുറിച്ചത്. അന്നവിടെ സന്നിഹിതരായ റവ.ഫാ. തോമസ് പന്തപ്ലാക്കലും സഹോദരങ്ങളും പരേതന്റെ മക്കളും ചേർന്നാണ് ഈ കുടുംബ യോഗവുമായി ബന്ധപ്പെട്ട ആദ്യവട്ട ചർച്ചകൾ നടത്തിയത്. പ്രസ്തുത ചർച്ചയിൽ പന്തപ്ലാക്കൽ കുടുംബകൂട്ടായ്മയിൽ താൽപര്യമുള്ള കുടുംബാംഗങ്ങളെ 23.02.2002 ന് കുപ്പായകോട്ടുള്ള പന്തപ്ലാക്കൽ ബേബിയുടെ വീട്ടിൽ വിളിച്ചു കൂട്ടുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ താഴെപറയുന്ന 12 പേർ പങ്കെടുക്കുകയുണ്ടായി.

1. റവ.ഫാ.തോമസ് പന്തപ്ലാക്കൽ സി.എംഐ
2. ജോസഫ് പന്തപ്ലാക്കൽ പേരാവൂർ
3. ജോസഫ് (ഔസേപ്പച്ചൻ) മണക്കടവ്
4. ചെറിയാൻ നിടുംപുറംചാൽ
5. ജോണി മരുതോങ്കര
6. ബേബി കട്ടിപ്പാറ
7. ബേബി കുപ്പായക്കോട്
8. തോമസ് ചുണ്ടത്തുപൊയിൽ

9. ചെറിയാൻ തിരുവാമ്പാടി

10. ചിന്നമ്മ കുപ്പായക്കോട്

11. ജോണി മാത്യു മരുതോങ്കര

12. ജോർജ്ജുകുട്ടി പുതുപ്പാടി

ഈ യോഗം പന്തപ്ലാക്കൽ കുടുംബകൂട്ടായ്മ എന്ന ലക്ഷ്യം പൂർണ്ണതയിലെത്തിക്കാൻ ഒരു താൽകാലിക കമ്മറ്റിയെ ചുമതലപ്പെടുത്തി. അന്ന് തിരഞ്ഞെടുക്കപ്പെട്ട താൽകാലിക കമ്മറ്റിയിൽ താഴപ്പറയുന്നവർ ഉൾപ്പെടുന്നു .

1. റവ.ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ - രക്ഷാധികാരി
2. ജോസഫ് പന്തപ്ലാക്കൽ പേരാവൂർ - പ്രസിഡന്റ്
3. ജോസഫ് (ഔസേപ്പച്ചൻ) മണക്കടവ് - വൈസ് പ്രസിഡന്റ്
4. ജോർജ്ജുകുട്ടി പുതുപ്പാടി - സെക്രട്ടറി
5. തൊമ്മച്ചൻ തോട്ടുമുക്കര - ട്രഷറർ
6. അപ്പച്ചൻ തോപ്പിൽ അയർക്കുന്നം
7. പി.എം. മാത്യു കിഴക്കമ്പലം, ആലുവ
8. ചെറിയാൻ നെടുംപുറംചാൽ
9. ജോണി ചവറംമൂഴി
10. ജോണി മാത്യു മരുതോങ്കര
11. ജോർജ്ജ് ഓടൻതോട്

ഈ യോഗം വിവിധ സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ മേൽവിലാസം ശേഖരിക്കുവാൻ തീരുമാനിച്ചു. ഭാവികാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മേൽപ്പറഞ്ഞ പ്രവർത്തന സമിതി 27.04.2002 ന് മണക്കടവിലുള്ള ഔസേപ്പച്ചന്റെ വീട്ടിൽ സമ്മേളിച്ചു. ഈ യോഗമാണ് പന്തപ്ലാക്കനൽ കുടുംബത്തിന്റെ പ്രഥമ പൊതുസമ്മേളനം 14.10.02 ന് പേരാവൂരുള്ള ജോസഫ് പന്തപ്ലാക്കലിന്റെ വീട്ടിൽ വച്ച് നടത്തുവാൻ വേണ്ട നടപടികൽ സ്വീകരിച്ചത്. പ്രാരംഭ ചിലവുകൾക്കായി ഓരോ എക്സിക്യൂട്ടീവ് അംഗവും 250 വീതം താൽക്കാലികമായി നൽകുവാൻ തീരുമാനിച്ചു.

അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി 15.08.02 ന് നെടുംപുറംചാൽ ഇടവകയിലെ പന്തപ്ലാക്കൽ ചെറിയാന്റെ വീട്ടിൽ ചേർന്നു. മറുപടി കാർഡോടുകൂടി, ഓരോ കുടുംബത്തിനും ജനറൽ ബോഡിയുടെ ക്ഷണക്കത്ത് 30.08.02 ന് മുൻപ് എത്തിച്ചു

കൊടുക്കുവാൻ ഈ യോഗം തീരുമാനിച്ചു. ഈ യോഗമാണ് ഒന്നാമത്തെ പൊതു സമ്മേളനതതിന്റെ അജണ്ടയ്ക്ക് രൂപം നൽകിയത്.

ജനറൽ ബോഡിയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രവർത്തനസമിതി വീണ്ടും 06.10.02 ന് തൊണ്ടിയിലുള്ള ജോസഫ് പന്തപ്ലാക്കലിന്റെ വീട്ടിൽ സമ്മേളിച്ചു. ഈ കുടുംബസംഗമത്തിന്റെ സുഗമമായ ഭാവി പ്രവർത്തനങ്ങൾക്ക് ആവശ്യമായിവരുന്ന പക്ഷം, ഒരു ഭരണഘടന പ്രസ്തുത കമ്മറ്റി രൂപം നൽകി.

അങ്ങനെ വളരെ ചുരുക്കം വരുന്ന കുടുംബാംഗങ്ങളുടെ നിസ്വാർത്ഥ പ്രവർത്തനവും ആത്മാർത്ഥതയുമാണ് ഈ മഹത്തായ സംരംഭത്തെ ഇവിടെ വരെ എത്തിച്ചത്. ഇനി മുമ്പോട്ടുള്ള ഗതിവിഗതികൾ ഈ പ്രഥമ ജനറൽ ബോഡിയോഗം ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. വളരെ ക്ലേശകരവും സങ്കീർണ്ണവുമായ ഈ സംരംഭത്തിന്റെ വിജയകരമായ മുന്നോട്ടുള്ള പ്രയാണം, ഇന്നിവിടെ തിരഞ്ഞെടുക്കുവാൻ പോകുന്ന ഭാരവാഹികളുടെ അർപ്പണബോധത്തിലും ആത്മാർഥതയിലുമാണ് നില കൊള്ളുന്നത്. തെരഞ്ഞെടുക്കപ്പെടാൻ പോകുന്ന ഭാരവാഹികൾക്കും പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കും ഒരായിരം ആശംസകൾ നേർന്നുകൊണ്ട് ഞാൻ ഈ റിപ്പോർട്ട് സവിനയം ഇവിടെ സമർപ്പിക്കുന്നു.

സെക്രട്ടറി

ജോർജ്ജുകുട്ടി പുതുപ്പാടി

പന്തപ്ലാക്കൽ കൂട്ടായ്മ